**A** 

# സമഗ്ര ശിക്ഷാ, കേരളം

# പാദവാർഷിക മൂല്യനിർണയം 2022-23

**ക്ലാസ് - 4** **മലയാളം** **സമയം: 2 മണിക്കൂർ**

കുട്ടിയുടെ പേര്.....................................................................

വിദ്യാലയത്തിന്റെ പേര് :......................................................................

ഡിവിഷൻ................................................ ..............................

രക്ഷിതാവിന്റെ ഒപ്പ് ..............................................................

അധ്യാപകന്റെ ഒപ്പ് .................................................................

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | ലഭിച്ച ഗ്രേഡ് |
|---|---|---|
| 1 | വായിക്കാം എഴുതാം | |
| 2 | അനുഭവക്കുറിപ്പ് | |
| 3 | വാർത്ത എഴുതാം | |
| 4 | കുറിപ്പെഴുതാം | |
| 5 | കഥയെഴുതാം | |
| 6 | ആസ്വാദനക്കുറിപ്പ് | |
| | **ഓവറോൾ ഗ്രേഡ്** | |

1. താഴെ കൊടുത്തിട്ടുള്ള ആറു പ്രവർത്തനങ്ങളിൽ ഒന്നാമത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരമെഴുതണം. രണ്ടു മുതൽ ആറു വരെ പ്രവർത്തനങ്ങളിൽ ഏതെങ്കിലും നാലു പ്രവർത്തനങ്ങൾക്കു മാത്രം ഉത്തരമെഴുതിയാൽ മതി.
2. മൂല്യനിർണയപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുൻപ് പതിനഞ്ചുമിനിട്ട് സമാശ്വാസസമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
3. ഉത്തരമെഴുതാൻ കൂടുതൽ സ്ഥലം ആവശ്യമെങ്കിൽ കുട്ടികൾക്ക് അധികം കടലാസ് ഉപയോഗിക്കാം.

**പ്രവർത്തനം 1 - വായിക്കാം എഴുതാം**

## സ്നേഹസാഗരം

"കടന്നുപോകാനല്ലേ പറഞ്ഞത്. ഇനിയിവിടെ കാണരുത്." അയാൾ ക്ഷുഭിതനായി. അടഞ്ഞുകിടന്ന വാതിലിനുമുന്നിൽ വൃദ്ധൻ കുറച്ചുനേരം നിന്നു. വാതിൽ തുറന്നില്ല. വൃദ്ധൻ വേച്ചുവേച്ചു നടന്നു. "ശല്യം ഒഴിഞ്ഞു പോട്ടെ." സ്വന്തം അച്ഛനെ പടിയിറക്കി മകൻ ആശ്വസിച്ചു.



"മുത്തച്ഛാ... മുത്തച്ഛാ..."
ഒരു കുട്ടി സ്നേഹത്തോടെ അയാളുടെ കൈ പിടിച്ചുകൊണ്ടു പറഞ്ഞു.
"ഞാൻ എല്ലാം കണ്ടു. സങ്കടപ്പെടേണ്ട. വരൂ, നമുക്കു പോവാം."
"ഒരു പീഡയെറുമ്പിനും വരുത്തരുതെന്നു ഗുരുവചനം. എന്നിട്ടും സ്വന്തം മകൻതന്നെ അച്ഛനോടിങ്ങനെ, കഷ്ടം!" വൃദ്ധനോടൊപ്പം നടന്നുകൊണ്ട് അവൻ പറഞ്ഞു.
തന്റെ ആരുമല്ലാത്ത ആ കുഞ്ഞിന്റെ സ്നേഹത്തിനുമുന്നിൽ അയാൾ വിതുമ്പി.
"സാരമില്ല കുട്ടീ, അവർക്ക് നല്ലതു വരട്ടെ... എന്തായാലും അവൻ എന്റെ മകൻ തന്നെയല്ലേ."
കൂർത്തകല്ലുകൾ നിറഞ്ഞ വഴിയിലൂടെ അവർ പതുക്കെ മുന്നോട്ടു നടന്നു.

**കഥ വായിച്ചല്ലോ. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

1. കഥയിൽ 'കോപിച്ചവൻ' എന്ന പദത്തിനു പകരമായി ഉപയോഗിച്ചിരിക്കുന്ന പദമേത്?
   - എ) ആരോരുമില്ലാത്ത
   - ബി) ദേഷ്യപ്പെട്ടവൻ
   - സി) ശല്യക്കാരൻ
   - ഡി) ക്ഷുഭിതൻ

2. 'ഒരു പീഢയെറുമ്പിനും വരുത്തരുതെന്ന്' ഗുരുവചനം. ഗുരു എന്നതിലൂടെ ഇവിടെ ഉദ്ദേശിക്കുന്നതാരെയാണ്?
   - എ) നിത്യചൈതന്യയതി
   - ബി) ശ്രീനാരായണഗുരു
   - സി) അയ്യങ്കാളി
   - ഡി) മഹാത്മാഗാന്ധി

3. 'ആരെയും ഉപദ്രവിക്കരുത്' എന്ന അർഥം വരുന്ന വാക്യം കഥയിൽനിന്ന് കണ്ടെത്തുക.
   - എ) നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക
   - ബി) ശല്യം ഒഴിഞ്ഞുപോട്ടെ
   - സി) ഒരു പീഢയെറുമ്പിനും വരുത്തരുത്
   - ഡി) സങ്കടപ്പെടേണ്ട. വരൂ, നമുക്കു പോവാം

4. പടിയിറക്കപ്പെട്ട വൃദ്ധനെ സ്നേഹത്തോടെ ചേർത്തുപിടിച്ച കുഞ്ഞിന്റെ പ്രവൃത്തിക്ക് സമാനമായ സംഭവം 'കുടയില്ലാത്തവർ' എന്ന പാഠത്തിലുണ്ട്. അതേതാണ്?
   - എ) കാട്ടുതീയിൽനിന്ന് സ്വയരക്ഷതേടി പറന്നുപോകുന്ന കാക്കകൾ
   - ബി) മഴ നനഞ്ഞു പോകുന്ന അനിയനല്ലാത്ത അനിയനെ തന്റെ കുടയിൽ കൊണ്ടുപോകുന്ന പെൺകുട്ടി.
   - സി) കണ്ണന് രണ്ടുകൈയിലും വെണ്ണ നൽകുന്ന അമ്മ
   - ഡി) പാട്ടുപാടി ചുറ്റുപാടും വസന്തം വിരിയിച്ച മൈന

5. "അവർക്ക് നല്ലതു വരട്ടെ. എന്തായാലും അവൻ എന്റെ മകൻ തന്നെയല്ലേ." ഈ വാക്യത്തിലൂടെ അർത്ഥമാക്കുന്നത്.
   - എ) മകനെന്തു സംഭവിച്ചാലും ഒരു കുഴപ്പവുമില്ല
   - ബി) അഹങ്കാരിയായ മകന് കഷ്ടപ്പാടുകൾ ഉണ്ടാവട്ടെ
   - സി) മകനെത്ര ഉപദ്രവിച്ചാലും അവനു ദോഷം വരുന്നൊരുകാര്യം തനിക്ക് ചിന്തിക്കാനേ ആവില്ല
   - ഡി) മകൻ ഇതിനനുഭവിക്കാതിരിക്കില്ല

## പ്രവർത്തനം 2 - അനുഭവക്കുറിപ്പ്

പുതുമഴയും പ്രവേശനോത്സവത്തിന് ഒരുങ്ങിയെത്തി. വർണക്കുടയും പുത്തനുടുപ്പുമായി നനഞ്ഞും നനയാതെയും, കളിച്ചും ചിരിച്ചും നീതു സ്കൂളിന്റെ പടികൾ കയറി. മഴയോടൊപ്പം കൊട്ടുംപാട്ടുമായി ആർത്തുല്ലസിച്ച ആ ദിനം മറക്കാൻ പറ്റാത്തതായി. നീതുവിന്റെ ആ ദിവസത്തെ അനുഭവമൊന്നെഴുതൂ.


(മഴയനുഭവങ്ങളും പ്രവേശനോത്സവാനുഭവങ്ങളും വിട്ടുപോകാതെ ചേർക്കണേ.)



പ്രവർത്തനം 3 - വാർത്ത എഴുതാം

സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം എല്ലാ വിദ്യാലയങ്ങളിലും ഗംഭീരമായി ആഘോഷിച്ചു. നിങ്ങളുടെ വിദ്യാലയത്തിലും വിപുലമായ ആഘോഷങ്ങൾ നടന്നിട്ടുണ്ടാവുമല്ലോ. ആഘോഷപരിപാടികൾ എല്ലാവരെയും അറിയിക്കാൻ സഹായകമായ ഒരു പത്രവാർത്ത തയാറാക്കൂ.

(പതാക ഉയർത്തൽ, ദേശഭക്തിഗാനം, മധുരപലഹാരവിതരണം...)



## പ്രവർത്തനം 4 - കുറിപ്പെഴുതാം

അനന്തുവിന് സൈക്കിൾസവാരി ഏറെ ഇഷ്ടമാണ്. ഒരുദിവസം സൈക്കിളിൽ അതിവേഗം സഞ്ചരിക്കുമ്പോൾ സൈക്കിൾ ഒരു പാവം നാടോടിക്കുട്ടിയുടെ ദേഹത്ത് പോയിടിച്ചു. അവൾ താഴെ വീണു. അവനവളെ മെല്ലെ എഴുന്നേൽപ്പിച്ച് സമാധാനിപ്പിച്ചു. മുറിവുകളെല്ലാം കഴുകി വൃത്തിയാക്കി.
പിന്നീടെല്ലാ ദിവസവും എന്തെങ്കിലും സമ്മാനവുമായി അവൻ അവളെ കാണാനെത്തും. ഒരുദിവസം ഒരു പുസ്തകമാണ് നൽകിയത്.
"എനിക്ക് വായിക്കാൻ അറിയില്ല." അവൾ പറഞ്ഞു.
"അതിനെന്താ ഞാൻ വായിച്ചുതരാം."
കഥകളും പാട്ടുകളുമായി ദിവസങ്ങൾ പോയതറിഞ്ഞില്ല. അനന്തുവിന്റെ സഹായത്തോടെ അവൾക്കിപ്പോൾ വായിക്കാനറിയാം... എഴുതാനറിയാം...
അനന്തു ചെയ്ത പ്രവൃത്തിയെക്കുറിച്ച് നിങ്ങൾക്കെന്തുതോന്നുന്നു? കുറിപ്പായെഴുതൂ.



പ്രവർത്തനം 5 – കഥയെഴുതാം

" അയ്യോ, എന്തൊരു വിശപ്പ്! ഒന്നും തിന്നാൻ കിട്ടുന്നില്ലല്ലോ...
നമുക്ക് ഞാവൽക്കാട്ടിലേക്കുതന്നെ തിരിച്ചുപോകാം."
കറുമ്പൻകാക്ക പറഞ്ഞു.

"അങ്ങോട്ടുപോയാൽ ഗരുഡമ്മാവനും മറ്റു പക്ഷികളും നമ്മളെ കൊത്തിക്കൊല്ലും." ചിന്നൻകാക്ക പറഞ്ഞു.

"ഇതിലുംഭേദം അതുതന്നെയാ... കാട്ടുതീ വന്നപ്പോൾ അവിടെനിന്നു പോരേണ്ടെന്നു ഞാൻ പറഞ്ഞതല്ലേ? " ചെലുമ്പൻകാക്ക പറഞ്ഞു.

"എന്തായാലും നമുക്കു ഞാവൽക്കാട്ടിലേക്കുതന്നെ തിരിച്ചുപോകാം."

കറുമ്പൻ പറഞ്ഞു. പിന്നെ ആരും എതിർത്തില്ല.

ഞാവൽക്കാട്ടിൽനിന്നും രക്ഷപ്പെട്ടോടിയ കാക്കകൾ തിരിച്ചെത്തി.

തുടർന്ന് എന്തൊക്കെ സംഭവിച്ചിരിക്കാം? കഥ പൂർത്തിയാക്കു.

പ്രവർത്തനം 6 – ആസ്വാദനക്കുറിപ്പ്

**പുഞ്ചിരി**



പച്ചയിൽ മുങ്ങിക്കുളിച്ച പെണ്ണ്
പൂഞ്ചോപ്പു ചുണ്ടത്തു തേച്ച പെണ്ണ്
പാടത്തെ പുന്നെൽക്കതിരു കൊത്തി
പാറിപ്പറക്കുന്നു കൊച്ചുപെണ്ണ്.
മേനി വളഞ്ഞൊരു കൊച്ചുതെങ്ങ്
തെങ്ങിന്റെ പൊത്തിലിരുന്നു പെണ്ണ്
സൂത്രത്തിൽ മെല്ലെ പിടിച്ചെടുത്ത്
കൂട്ടിലിട്ടപ്പോൾ കരഞ്ഞു പെണ്ണ്.
കാരിരുമ്പിന്റെയഴിക്കു പിന്നിൽ
മാനവും നോക്കി കരഞ്ഞ കണ്ണ്
മെല്ലെ ഞാൻ കൂടു തുറന്നുവെക്കെ
പുഞ്ചിരിച്ചെങ്ങോ മറഞ്ഞു പെണ്ണ്.

(തൂവൽ) (രാമകൃഷ്ണൻ കുമരനല്ലൂർ)

കവിതയ്ക്ക് ഒരു ആസ്വാദനക്കുറിപ്പ് തയാറാക്കുക.